കർഷകർക്ക് ലഭ്യമാകുന്നുണ്ട്. 600 ച. മീറ്റർ വിസ്തീർണ്ണമുള്ള ഒരു പോളീഹൗസിൽ നിന്നും 45,000 രൂപ മുതൽമുടക്കിൽ സലാഡ് വെള്ളരി കൃഷി ചെയ്യ കർഷകന് 3.20 ലക്ഷം രൂപ ലഭിക്കുന്നുണ്ട്. അതുപോലെ 56,000 രൂപ മുതൽ മുടക്കിൽ കൃഷി ചെയ്യുന്ന പയറിൽ നിന്നും 2 ലക്ഷം രൂപയും 16,000 രൂപ മുതൽമുടക്കുള്ള ക്യാപ്സിക്കത്തിൽനിന്നും 7.10 ലക്ഷം രൂപ വരുമാനവും കർഷകർക്ക് ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ ഹൈടെക് കൃഷിയിൽ ഏർപ്പെട്ട മിക്ക കർഷകരും മികച്ച വരുമാനം നേടി ചുരുങ്ങിയ സമയം കൊണ്ട് ബാധ്യതകൾ തീർത്ത് കൃഷി ലാഭകരമാക്കുന്നുണ്ട്.

ഭക്ഷ്യ സുരക്ഷ

173 (T *3457) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പാലോട് രവി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ബി) ഇവ കൂടുതൽ ശാക്തീകരിക്കുന്നതിന് സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ വിശദീകരിക്കാമോ ;

(സി) ഭക്ഷ്യ ഉത്പാദനം , സംഭരണം, സൂക്ഷിപ്പ് എന്നിവ ശക്തിപ്പെടുത്തുന്നതിനും, കാര്യക്ഷമമാക്കുന്നതിനും സ്വീകരിക്കുന്ന പദ്ധതികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കൃഷി വകുപ്പ് നടപ്പാക്കിവരുന്ന കാർഷിക വികസന പദ്ധതികൾ ഭക്ഷ്യസുരക്ഷ ലക്ഷ്യമാക്കിക്കൊണ്ടുള്ളതാണ്. ഇതിൽ പ്രധാന ഭക്ഷ്യവിളകളായ നെല്ല്, വാഴ, പച്ചക്കറി, കിഴങ്ങുവർഗ്ഗവിളകൾ എന്നിവയുടെ കൃഷി വ്യാപിപ്പിക്കുന്നതിനും അതോടൊപ്പം അവയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമായി കൃഷിവകുപ്പ് സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരവും കേന്ദ്രസഹായത്തോടെയും നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാന കൃഷി വകുപ്പ് നെൽകൃഷി വികസനത്തിനായി വിവിധ ഉല്പാദനോപാധികൾ (വിത്ത്, വളം, കീട/കളനാശിനി

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മുതലായവ) കർഷകർക്ക് ലഭ്യമാക്കുന്നതിന് ഹെക്ടറിന് 4,500 (നാലായിരത്തി അഞ്ഞൂറ്) രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. ഇതോടൊപ്പം വിവിധ നെൽകൃഷി വികസന ഏജൻസികൾക്ക് ധനസഹായം, പ്രത്യേകതരം നെൽകൃഷികളുടെ വികസനം (ഉദാ: പൊക്കാളി നെൽകൃഷി, ഞവര നെൽകൃഷി മുതലായവ) പാടശേഖര സമിതികളുടെ പ്രവർത്തനത്തിനുള്ള ധനസഹായവും നൽകിവരുന്നു. കൂടാതെ ഗുണമേന്മയുള്ള നെൽവിത്തുകളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിന് സീഡ് വില്ലേജ് രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി (ആർ.എസ്.ജി.പി) എന്നീ പദ്ധതികളുടെ അടിസ്ഥാനത്തിൽ കൃഷിക്കാർക്ക് നല്ലയിനം നെൽവിത്തുകൾ നൽകി കൃഷി ചെയ്യിക്കുന്നു. ഇപ്രകാരം ഉല്പാദിപ്പിക്കുന്ന സർട്ടിഫൈഡ് നെൽവിത്തുകൾ ഗുണനിലവാരം പരിശോധിച്ച് മെച്ചപ്പെട്ട വില നൽകി വിത്ത് വികസന അതോറിറ്റി മുഖാന്തിരം തിരിച്ചെടുക്കുന്നു. "വിത്തുഗുണം പത്തുഗുണം" എന്ന ഗുണപാഠമനുസരിച്ച് ഇപ്രകാരം ഉല്പാദിപ്പിക്കുന്ന നല്ലയിനം വിത്തുകൾ വിവിധ കർഷകർക്ക് വിതരണം ചെയ്ത് ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നു. നെൽകൃഷിക്കാവശ്യമായ വെള്ളം പമ്പ് ചെയ്യുന്നതിനുള്ള വൈദ്യുതി പൂർണ്ണമായും സൗജന്യമായാണ് നൽകിവരുന്നത്. കൂടാതെ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഹെക്ടറിന് 1,000 രൂപ ഉല്പാദന ബോണസ് എന്ന നിലയിലും കർഷകർക്ക് നൽകിവരുന്നു. ഇതുകൂടാതെ കേന്ദ്ര സർക്കാരിന്റെ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ മാത്രമായി നെൽകൃഷിക്ക് ഒരു പ്രത്യേക പദ്ധതിയും നടപ്പിലാക്കിവരുന്നു. പച്ചക്കറി കൃഷിയെ സംബന്ധിച്ച് 2012-13 സാമ്പത്തിക വർഷം മുതൽ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന പച്ചക്കറി കൃഷി വികസന പദ്ധതി, പദ്ധതി ഘടകങ്ങളുടെ വൈവിദ്ധ്യം കൊണ്ടും സുതാര്യതകൊണ്ടും ബഹുജനപങ്കാളിത്തംകൊണ്ടും ശ്രദ്ധേയമായിട്ടുണ്ട്. 5 ഹെക്ടർ വീതമുള്ള സ്ഥലത്ത് ക്ലസ്റ്റർ അടിസ്ഥാനത്തിൽ പച്ചക്കറി കൃഷിചെയ്യുന്നതിന് ധനസഹായം നൽകി വരുന്നു. വീട്ടമ്മമാർ, സ്കൂൾ വിദ്യാർത്ഥികൾ എന്നിവർക്ക് സൗജന്യമായി വിത്ത് വിതരണം, സ്കൂളുകളിൽ പച്ചക്കറിത്തോട്ടം സ്ഥാപിക്കൽ, നഗരങ്ങളിൽ ടെറസ്സിൽ കൃഷി വ്യാപിപ്പിക്കുന്നതിനായി ഗ്രോബാഗുകളുടെ വിതരണം, സ്വകാര്യ-സർക്കാർ വക കുറഞ്ഞത് 50 സെന്റ് സ്ഥലത്ത് പ്രോജക്ടടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ധനസഹായം എന്നിവ എടുത്തുപറയേണ്ട ഘടകങ്ങളാണ്. കൂടാതെ ദൃശ്യ-ശ്രാവ്യ-അച്ചടി മാധ്യമങ്ങളിലൂടെ പദ്ധതിയെക്കുറിച്ചും പച്ചക്കറി കൃഷിയെ കുറിച്ചും പൊതുവെ നടത്തിവരുന്ന പരസ്യം പച്ചക്കറിയിൽ "സ്വയം പര്യാപ്തത" എന്ന പദ്ധതി ലക്ഷ്യത്തെ ഏറെ സഹായിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) കാർഷികോല്പന്നങ്ങളുടെ സംഭരണം, സൂക്ഷിപ്പ് എന്നീ മേഖലകളിലും കൃഷിവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഏറെ സഹായിക്കുന്നു. വിലസ്ഥിരതയ്ക്കായി വിപണിയിൽ ഇടപെടൽ എന്ന പദ്ധതിയനുസരിച്ച് കാർഷികോല്പന്നങ്ങളായ നെല്ല്, പച്ചതേങ്ങ, റബ്ബർ എന്നിവയുടെ വില വളരെയധികം താഴുന്ന സാഹചര്യങ്ങളിൽ കേരഫെഡ്, മാർക്കറ്റ്ഫെഡ് മുതലായ പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേന ഈ ഉല്പന്നങ്ങൾ കർഷകരിൽനിന്നും നേരിട്ട് സംഭരിച്ച് വിപണിയിലെ ഉല്പന്നവില പിടിച്ചുനിർത്തുന്നതിനും ചില അവസരങ്ങളിൽ ഉയർത്തുന്നതിനും ഇടയാക്കിയിട്ടുണ്ട്. സപ്ലൈകോ മുഖേനയുള്ള നെല്ല് സംഭരണം സംസ്ഥാനത്തെ പ്രധാന നെൽകൃഷി മേഖലകളിലെ കർഷകരെ അളവറ്റ് സഹായിക്കുന്നു. 2014 മാർച്ച് മാസം മുതൽ കിലോയ്ക്ക് 19 രൂപയാണ് സംഭരണവില. പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവ കൃഷിവകുപ്പിന്റെ കീഴിലുള്ള മൊത്തവ്യാപാര വിപണികളിലും അഞ്ച് ജില്ലാ സംഭരണകേന്ദ്രങ്ങൾവഴിയും സംഭരിച്ച് അവ ഗ്രേഡ് തിരിച്ച് ലേലം നടത്തി കർഷകന് ന്യായമായ വില നൽകിവരുന്നു.

നെല്ല് ഉല്പാദനത്തിന് കർഷകന് ധനസഹായം

174 (3459) ശ്രീ. ബി. സത്യൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നെൽകൃഷി നടത്തുന്നത് എത്ര ഹെക്ടറിലാണ്;

(ബി) നെല്ല് ഉല്പാദനത്തിന് കർഷകന് എന്തെല്ലാം ധനസഹായമാണ് നൽകിവരുന്നത്;

(സി) തരിശ് ആയി കിടന്നിരുന്ന നെൽവയലുകളിൽ നെൽകൃഷി നടത്തുന്ന പഞ്ചായത്തുകൾക്ക് പ്രത്യേക ധനസഹായം അനുവദിക്കുന്നകാര്യം പരിഗണിക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 2013-14 വർഷം 199611 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടപ്പിലാക്കുകയുണ്ടായി. 2014-15 നടപ്പുവർഷത്തേയ്ക്കായി 209000 ഹെക്ടർ സ്ഥലത്തേയ്ക്കുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത നടപ്പിലാക്കിവരുന്നു.

(ബി) 2014-15 വർഷം താഴെപ്പറയുന്ന നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. സുസ്ഥിര നെൽകൃഷി വികസനം: (ഗ്രൂപ്പ് ഫാമിംഗ്) ഹെക്ടറിന് 4,500 രൂപ സബ്സിഡി നൽകിക്കൊണ്ട് ഉല്പാദനോപാധികളുടെ ചെലവ് ഇനത്തിനായി 180000 ഹെക്ടറിലേയ്ക്ക്, സംസ്ഥാന വിഹിതമായി 2700 ലക്ഷം രൂപയുടേയും ആർ.കെ.വി.വൈ. പദ്ധതി പ്രകാരം 5400 ലക്ഷം രൂപയുടേയും പദ്ധതി നടപ്പിലാക്കിവരുന്നു.